മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi




ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ മണ്ണുസംരക്ഷണ ദിനാചരണത്തിൽ മണ്ണിൻെറ പ്രാധാന്യത്തെക്കുറിച്ച് പോസ്റ്ററുകൾ പുറത്തിറക്കുന്നു

# മണ്ണുദിനം ആചരിച്ചു

**കോയമ്പത്തൂർ:** കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ അന്തരാഷ്ട്ര മണ്ണുദിനം ആചരിച്ചു.

തമിഴ്നാട് കാർഷിക സർവകലാശാലാ മണ്ണുഗവേഷണ വിഭാഗം അധ്യാപകൻ പ്രൊഫ. കെ. അരുംമൊഴി സെൽവൻ മുഖ്യപ്രഭാഷണം നടത്തി. മണ്ണിൻെറ പ്രാധാന്യത്തെപ്പറ്റിയുള്ള ബോധവത്കരണ പോസ്റ്ററും എൻവിസ് വാർത്താപത്രവും ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ. ബി. ഗുരുദേവ്സിങ് പ്രകാശനംചെയ്തു. കോ-ഓർഡിനേറ്റർ ഡോ. കണ്ണൻ വാര്യർ, പ്രോഗ്രാം ഓഫീസർ ഡോ. വി.എൻ. മുത്തരയ്യൻ എന്നിവർ പ്രസംഗിച്ചു.

62. News in Mathrubhumi, Palakkad, 11.12.2015, Observance of World Soil Day by IFGTB ENVIS.